Lalith Babu

# വിവരാവകാശ അപേക്ഷകനെ സ്ഥിരം ശല്യക്കാരനായി പ്രഖ്യാപിക്കാനുള്ള ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ നടപടികൾ റദ്ദ് ചെയ്തു കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ്

**File No.LSGD-EM2/324/2019-LSGD**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15.01.2019 ലെ 4(4) നമ്പർ തീരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാന്റെ തീർപ്പിന് അനുസൃതമായി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.2643/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/12/2021

---

പരാമർശം:- 1. എടവണ്ണ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15.01.2019ലെ 4(4) നമ്പർ തീരുമാനം.
2. ഈ വകുപ്പിൽ ലഭിച്ച ശ്രീ.റിയാസ് ടി.ടി യുടെ 27-8-2019 ലെ നിവേദനം.
3. പഞ്ചായത്ത് ഡയറക്ടറുടെ 02.07.2020 ലെ PAN/12807/2019-D4(DP) നമ്പർ കത്ത്.
4. സ.ഉ. (സാധാ) നമ്പർ 2266/2020/ത.സ്വ.ഭ.വ. തീയതി 03/12/2020.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാന്റെ മുമ്പാകെയുള്ള പരാതി നമ്പർ (റഫറൻസ്) 143/2021 ലെ 26/08/2021 ലെ ഉത്തരവ്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്ത് ശ്രീ. റിയാസ് ടി.ടി, ശ്രീ. ഹംസ എന്നിവർ അസാധാരണമായ വിധം വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനാൽ, സ്ഥിരം ശല്യക്കാരായി പ്രഖ്യാപിക്കുന്നതിനും മേലിൽ അവരുടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിൽ മറുപടി നൽകേണ്ടതില്ലെന്ന് ഉത്തരവുണ്ടാകുന്നതിനും ബഹു. സംസ്ഥാന വിവരാവകാശ കമ്മീഷനോട് അപേക്ഷിക്കുന്നതിന് പരാമർശം (1) പ്രകാരം ഐക്യകണ്ഠേന തീരുമാനിച്ചിരുന്നു. മേൽ തീരുമാനത്തിനെതിരെ ശ്രീ. റിയാസ് ടി.ടി. പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ച നിവേദനത്തിൽ പ്രസ്തുത തീരുമാനം നിയമപരമായി നിലനിൽക്കില്ല എന്നാണ് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

എടവണ്ണ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (1) തീരുമാനം നിയമപരമല്ലാത്തതിനാൽ, ആയത് കേരള പഞ്ചായത്ത് രാജ് ആക്ട് 191-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം താല്ക്കാലികമായി നിറുത്തിവച്ച് കൊണ്ടും കേരള പഞ്ചായത്ത് രാജ് ആക്ട് 191-ാം വകുപ്പ് (2) -ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് സർക്കാരിന് നല്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് നല്കിക്കൊണ്ടും പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഒരാളുടെ വ്യക്തിസത്തയെ ഇകഴ്ത്തുകയോ ഹാനികരമായി ബാധിക്കുകയോ ചെയ്യുന്ന തരത്തിൽ ഒരു തീരുമാനം എടുക്കുന്നതിന് മുമ്പ് ആവശ്യമായ പരിശോധന നടത്തുന്നതിലും വിശദമായ ആലോചന നടത്തുന്നതിലും പഞ്ചായത്ത് കമ്മിറ്റിക്ക് വീഴ്ച വന്നിട്ടുള്ളതായും എതിർകക്ഷി ശല്യക്കാരനായ വിവരാവകാശ അപേക്ഷകനാണെന്ന് കാണുന്നതിനോ ടിയാന്റെ വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകേണ്ടതില്ലെന്ന് നിർദ്ദേശിക്കുവാനുള്ള തീരുമാനം എടുക്കുന്നതിനോ അടിസ്ഥാനപരമായ യാതൊരുവിധ സംഗതിയും പഞ്ചായത്ത് കമ്മിറ്റിയുടെ മുമ്പിൽ ഉണ്ടായിരുന്നില്ലെന്നും മുൻവിധികളുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് കമ്മിറ്റി മേൽപ്രകാരമുള്ള ഒരു തീരുമാനം എടുത്തതെന്ന് മേൽവിവരിച്ച സാഹചര്യങ്ങളിൽ നിന്നും വ്യക്തമാകുന്നതായി ബഹു.ഓംബുഡ്സ്മാൻ നിരീക്ഷിച്ചിട്ടുണ്ട്.

ഭരണഘടന പഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയിട്ടുള്ള ഉത്തരവാദിത്വവും ചുമതലയും കടമകളും നിർവ്വഹിക്കേണ്ട പഞ്ചായത്ത് കമ്മിറ്റി അർപ്പിതമായ അധികാര അവകാശങ്ങളിൽ നിന്നുകൊണ്ട് എടുത്ത ഒരു തീരുമാനമായി പരാമർശം (1) തീരുമാനത്തെ കണക്കാക്കുവാൻ സാധിക്കുന്നില്ലെന്നും ഇപ്രകാരമുള്ള ഒരു തീരുമാനം എടുക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിക്ക് യാതൊരു വിധ അധികാരവുമില്ലെന്നും എതിർകക്ഷിയെ വ്യക്തിപരമായി അധിക്ഷേപിക്കുന്നതിനും ഭരണഘടനാടിസ്ഥാനമായ നിയമങ്ങളുടെ പരിരക്ഷയും അവകാശങ്ങളും ലഭിക്കുന്നതിന് ടിയാനെ തടസ്സപ്പെടുത്താൻ ശ്രമിക്കുന്നതിന് മുമ്പ് ടിയാന് പറയുവാനുള്ളത് കേൾക്കാതിരുന്നത് സ്വാഭാവിക നീതിക്ക് നിരക്കാത്തതുമാണെന്നും ആകയാൽ 15.01.2019 ലെ എടവണ്ണ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ മേൽതീരുമാനം നിലനിൽക്കാത്തതും റദ്ദ് ചെയ്യാവുന്നതുമാണെന്നും റിപ്പോർട്ട് ചെയ്ത് കൊണ്ട് ഈ റഫറൻസ് തീർപ്പാക്കുന്നു എന്ന് പരാമർശം 5 പ്രകാരം ബഹു. ഓംബുഡ്സ്മാൻ ഉത്തരവായിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബഹു. ഓംബുഡ്സ്മാന്റെ പരാമർശം (5) ലെ തീർപ്പിന് അനുസൃതമായി എടവണ്ണ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15.01.2019 ലെ 4(4) നമ്പർ തീരുമാനം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി